मन की बात 100
MANN KI BAAT 100

# മൻ കി ബാത്ത്

വാല്യം – 9



# MANN KI BAAT
## VOL.9


**Authors**
Sarda Mohan and Tanushree Banerji

**Illustrations and Cover Art**
Dilip Kadam

**Assistant Artist**
Ravindra Mokate

**Production**
Amar Chitra Katha

**Colourists**
Prakash Sivan and Prajeesh V. P.

**Layout Artist**
Akshay Khadilkar



**Published by**
Amar Chitra Katha Pvt. Ltd

**MALAYALAM**

ISBN – 978-93-6127-349-0

Amar Chitra Katha Pvt. Ltd, January 2024



© Ministry of Culture, Govt of India, January 2024
All rights reserved. This book is sold subject to the condition that the publication may not be reproduced, stored in a retrieval system (including but not limited to computers, disks, external drives, electronic or digital devices, e-readers, websites), or transmitted in any form or by any means (including but not limited to cyclostyling, photocopying, docutech or other reprographic reproductions, mechanical, recording, electronic, digital versions) without the prior written permission of the publisher, nor be otherwise circulated in any form of binding or cover other than that in which it is published and without a similar condition being imposed on the subsequent purchaser.

You can now get ACK stories as part of your classroom with **ACK Learn**, a unique learning platform that brings these stories to your school with a range of workshops. Find out more at **www.acklearn.com** or write to us at **acklearn@ack-media.com**.



**എന്റെ പ്രിയപ്പെട്ട കുട്ടികളേ,**

നിങ്ങൾ തിരഞ്ഞെടുക്കുന്നത് ഏതൊരു മേഖലയായാലും അതിൽ നിങ്ങളെപ്പോലുള്ള ചെറുപ്പക്കാർ തിളങ്ങുന്നത് കാണുമ്പോൾ എനിക്ക് വളരെ സന്തോഷം തോന്നുന്നു. അത് ഒരു അക്കാദമികമോ അല്ലെങ്കിൽ പ്രൊഫഷണലോ ആയ ചോയിസ് ആയിരിക്കണമെന്നില്ല - നിങ്ങളുടെ സ്വപ്നങ്ങളെ പിന്തുടരുന്നതും നിങ്ങളുടെ കഴിവുകൾ വികസിപ്പിക്കാൻ കഠിനമായി പരിശ്രമിക്കുന്നതും കാണുമ്പോൾ നമ്മുടെ രാജ്യത്തിന്റെ ഭാവിയെക്കുറിച്ച് എനിക്ക് വലിയ പ്രതീക്ഷ നൽകുന്നു.

ഈ വാല്യത്തിൽ, സൈക്ലിംഗ് വളരെയധികം ആസ്വദിച്ച യുവതി വേദാംഗി കുൽക്കർണിയെ നിങ്ങൾ കണ്ടുമുട്ടും, അവൾ ലോകം ചുറ്റുന്ന ഏറ്റവും പ്രായം കുറഞ്ഞ സ്ത്രീയായി! ഒമ്പത് വയസ്സുള്ള കൃഷ്ണീൽ അനിൽ, റൂബിക്സ് ക്യൂബിൽ ആകൃഷ്ടനായി, അതിനെ ഒരു കലയാക്കി മാറ്റി. സെറിബ്രൽ പാൾസി ബാധിച്ചാണ് ജിഗർ താക്കർ ജനിച്ചതെങ്കിലും അംഗീകാരം നേടിയ പാരാ നീന്തൽ താരമായി.



വേറിട്ട ചോയ്സുകളിലൂടെ മറ്റുള്ളവർക്ക് സന്തോഷം പകരുന്ന യുവത്വങ്ങളുണ്ട്. മീര ഷേണായി തന്റെ ജീവിതം ഭിന്നശേഷിക്കാരെ ശാക്തീകരിക്കാൻ ചെലവഴിച്ചു, അതേസമയം ശ്രീധർ വെമ്പു ഗ്രാമീണ ഇന്ത്യയിലെ യുവാക്കളെ ശാക്തീകരിക്കാൻ തിരഞ്ഞെടുത്തു.

ഓർക്കുക, നിങ്ങളുടെ ചോയ്സുകൾ നിങ്ങളുടെ ജീവിതത്തെ മികച്ചതാക്കുന്നു. നിങ്ങളുടെ ഹൃദയം പറയുന്നത് ശ്രദ്ധിക്കുക, ശരിയായത് ചെയ്യുക.



# ഉള്ളടക്കം


| | | |
|---|---|---|
| 1 | ബദൗത്ത് ഗ്രാമം | 3 |
| 2 | ചന്ദ്രകാന്ത് കുൽക്കർണി | 5 |
| 3 | ചിന്മയ്, പ്രദ്ന്യ പതാൻകർ | 7 |
| 4 | ഹിരാമാൻ കോർവ | 10 |
| 5 | ജിഗർ താക്കർ | 13 |
| 6 | ക്രിഷ്ണീൽ അനിൽ | 16 |
| 7 | മധുരൈ ചിന്ന പിള്ളൈ | 18 |
| 8 | മീര ഷെനോയ് | 21 |
| 9 | റിംഗ്ഫാമി യംങ് | 24 |
| 10 | ശ്രീധർ വെമ്പു | 27 |
| 11 | വേദാംഗി കുൽക്കർണി | 30 |

# ബദൗത്ത് വില്ലേജ്



സയൻസ് പീരീഡ് ആയിരുന്നു, മലിനജല നിർമാർജന ത്തെക്കുറിച്ചായിരുന്നു ക്ലാസ്സ്.
മലിനജലം ശരിയായ രീതിയിൽ നീക്കം ചെയ്തില്ലെങ്കിൽ അത് രോഗങ്ങൾ പടരാൻ ഇട യാക്കും.
ഞങ്ങളുടെ കെട്ടിടത്തിന് സമീപമുള്ള മലിനജല പൈപ്പുകൾ കഴിഞ്ഞ മാസം പൊട്ടി. വലിയ ബുദ്ധിമുട്ടായി!
ദുർഗ്ഗന്ധത്തിനിടയിൽ എങ്ങനെ ജീവിച്ചു?
ഒരു ഇടവേള എടുത്ത് ഒരു മൻ കി ബാത്ത് കഥ കേൾക്കാൻ ആരാണ് ആഗ്രഹിക്കുന്നത്?
യ്യാഹ്!
യെസ്!
ഹരിയാനയിലെ പഞ്ച്കുളയിലെ ബദൗത് ഗ്രാമത്തിൽ–
ശ്ശോ! കവിഞ്ഞൊഴുകുന്ന ഗട്ടറിൽ നിന്ന് മലിനജലത്തിന്റെ രൂക്ഷഗന്ധം.
എന്റെ കുട്ടികൾ രോഗബാധിതരായി. ചുറ്റുമുള്ള മലിനമായ ജലമാണ് കാരണം എന്ന് എനിക്ക് ഉറപ്പുണ്ട്.
മലിനജലം ഒഴുകിപ്പോകുന്നതുമായി ബന്ധപ്പെട്ട് കുറച്ചു കാലമായി ഗ്രാമം പ്രശ്നങ്ങൾ നേരിടുകയായിരുന്നു.
എനിക്ക് ഇവിടെ നിന്ന് പച്ചക്കറി വാങ്ങാൻ തോന്നുന്നില്ല. പരിസരം വളരെ വൃത്തികെട്ടതാണ്!
ഗ്രാമത്തിലെ വിടെയും ഇങ്ങനെയാണ്. നമുക്ക് എന്ത് ചെയ്യാൻ കഴിയും?


ഗ്രാമപഞ്ചായത്ത് ഈ വിഷയത്തിന് മുന്തിയ പരിഗണന നൽകി.
സർപഞ്ച് ജി, ഗ്രാമത്തിന് ചുറ്റും വളരെയധികം രോഗങ്ങൾ പടരുകയാണ്. മാലിന്യസംസ് കരണത്തിനുള്ള സംവിധാനം നമുക്കുണ്ടാകണം.
ഞാൻ അംഗീകരിക്കുന്നു. ഫണ്ടോ സഹായമോ വരാനായി കാത്തിരിക്കരുത്. നമ്മൾ സ്വന്തം നിലയ്ക്ക് കാര്യങ്ങൾ ഏറ്റെടുത്തു ചെയ്യണം.
പല മീറ്റിംഗുകൾക്കു ശേഷം, ഒരു പരിഹാരം പതുക്കെ ഉയർന്നുവരാൻ തുടങ്ങി.
പൈപ്പുകൾ ഉപയോഗിച്ച് മലിനജലം മുഴുവൻ ഒരിടത്ത് ശേഖരിച്ചാൽ, അത് നീക്കംചെ യ്യുന്നത് എളുപ്പമാകും.
അതെ, ഗ്രാമത്തിന് പുറത്ത്, വീടുകളിൽ നിന്ന് അകലെ അതു നമുക്കു ശേഖരിക്കാം.
എന്തുകൊണ്ട് ഈ വെള്ളം നമുക്ക് ഫിൽട്ടർ ചെയ്തുകൂടാ? ഇത് കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാം.
എന്തൊരു മികച്ച ആശയം.
ഗ്രാമവാസികളുടെ പിന്തുണയോടെ പഞ്ചായത്ത് പദ്ധതി നടപ്പാക്കാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.
വൈകാതെ–
ഗ്രാമം വീണ്ടും എത്ര മാത്രം ശുചിയായി കാണപ്പെടുന്നുവെന്ന് നോക്കൂ!
അതെ, പഞ്ചായത്ത് ഈ പ്രശ്നം എങ്ങനെ പരിഹരിച്ചു എന്നതിൽ എനിക്ക് അഭിമാനമുണ്ട്. എല്ലാ വരും അവർക്ക് പിന്തുണ നൽകി.
മൻ കി ബാത്ത് എന്ന റേഡിയോ പരിപാടിയിൽ പ്രധാനമന്ത്രി മോദി ബദൗത്തിലെ ജനങ്ങളെ അഭിനന്ദിച്ചു.

# ചന്ദ്രകാന്ത് കുൽക്കർണി




*ഇസ്ലാം മത വിശ്വാസികൾ പിന്തുടരുന്ന ഒരു ദാനധർമ്മം.


ഒരു ദിവസം–
എനിക്ക് എല്ലാ മാസവും ഇത്രയും പണം ആവശ്യമില്ല. ഇതിൽ നിന്ന് ഒരു നല്ല കാര്യത്തിനായി ഞാൻ സംഭാവന ചെയ്യട്ടെ.
സർക്കാർ നടത്തുന്ന ദേശീയ ശുചിത്വ പരിപാടിയായ സ്വച്ഛ് ഭാരത് അഭിയാന്* തന്റെ പെൻഷന്റെ ഒരു ഭാഗം അദ്ദേഹം സംഭാവന ചെയ്യാൻ തുടങ്ങി.
സ്ഥിരമായി സംഭാവന നൽകുന്നതിനായി ചില പോസ്റ്റ്–ഡേറ്റഡ് ചെക്കുകളും തയ്യാറാക്കി സൂക്ഷിക്കാം.
തന്റെ സംഭാവനകളെക്കുറിച്ച് ചന്ദ്രകാന്ത് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തെഴുതിയിരുന്നു.
ഈ മഹത്തായ സംഭാവനയ്ക്ക് അദ്ദേഹത്തോട് നന്ദി പറയുന്നതിനായി, പൂനെ സന്ദർശിച്ചപ്പോൾ ചന്ദ്രകാന്തിനെയും കുടുംബത്തെയും കാണാൻ പ്രധാനമന്ത്രി മോദി ആഗ്രഹം പ്രകടിപ്പിച്ചു.
സർ, അഭിയാനിലേക്ക് 52 ചെക്കുകൾ ഇതാ. എന്റെ രാജ്യത്തിനായി എനിക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും ചെറിയ കാര്യമാണിത്.
നിങ്ങളാണ് യഥാർത്ഥ ഹീറോ, ചന്ദ്രകാന്ത് ജി.
ഇതിനായി അദ്ദേഹം 2,60,000 രൂപ സംഭാവന ചെയ്തു കഴിഞ്ഞു.
പ്രധാനമന്ത്രിയുടെ റേഡിയോ പരിപാടിയായ മൻ കി ബാത്തിലും ചന്ദ്രകാന്തിന്റെ സംഭാവനകൾ പരാമർശിക്കപ്പെട്ടു.
ചന്ദ്രകാന്ത് കുൽക്കർണി യേക്കാൾ മികച്ച പ്രചോദനം മറ്റാരുമാകില്ല. ഇങ്ങനെയുള്ള വരാണ് നമ്മുടെ യഥാർത്ഥ ശക്തി.

*ക്ലീൻ ഇന്ത്യ മിഷൻ

# ചിന്മയ്, പ്രദ്ന്യ പതാൻകർ















*യു.എസ്.എ.യിലെ ഒരു സംസ്ഥാനം




*അന്താരാഷ്ട്ര യോഗാ ദിനം

# ഹിരാമാൻ കോർവ



കുട്ടികൾ എല്ലാവരും അവരുടെ മൻ കി ബാത്ത് കഥയ്ക്ക് തയ്യാറായി.
ഞങ്ങളുടെ സംസ്കൃത പരീക്ഷ കഴിഞ്ഞതേയുള്ളൂ സർ. ഇപ്പോൾ എനിക്ക് വിശ്രമിക്കണം അതിന് നല്ലൊരു കഥ വേണം.
അത് ശരിയാണ്! എന്തായാലും ഇന്ന് ആരും സംസ്കൃതം സംസാരിക്കാറില്ല. നമ്മളെന്തിന് അതു പഠിക്കണം?
അങ്ങനെ പറയുന്നവരുണ്ട്. അതറിയാതെ, നമ്മുടെ പുരാതന ഗ്രന്ഥങ്ങൾ എങ്ങനെ വായിക്കാൻ കഴിയും?
രാമായണവും മഹാഭാരതവും പോലെ?
അതേ. ആരും ഉപയോഗിക്കാത്തതിനാൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന നിരവധി ഭാഷകൾ ഇന്ത്യയിൽ ഉണ്ട്. ഝാർഖണ്ഡിലെ സിഞ്ചു ഗ്രാമത്തിലെ ഹിരാമൻ കോർവയെയും ഈ ചിന്ത ഉണർത്തി.
ഹിരാമൻ കുട്ടിയായിരുന്നപ്പോൾ തന്നെ അവന്റെ ഗോത്രത്തിന്റെ ഭാഷ അവനെ ആകർഷിക്കാൻ തുടങ്ങി.
അമ്മൂമ്മ സംസാരിക്കുമ്പോൾ അവരുടെ വാക്കുകൾ എത്ര ഭാവാത്മകമാണ്!
അതാണ് ഭാഷയുടെ ശക്തി.













*ജാർഖണ്ഡിലെ ഒരു പട്ടണം


ഗോവിന്ദ് ഹൈസ്കൂൾ പ്രിൻസിപ്പൽ ഹിരാമനെ തുടർ പഠനത്തിന് പ്രോത്സാഹിപ്പിച്ചു. ഇതിനിടയിൽ കോർവ വാക്കുകളുള്ള ഡയറികളുടെ എണ്ണം കൂടിക്കൊണ്ടിരുന്നു.
ഇത് എന്റെ ആറാമത്തെ ഡയറിയാണ്.
ഹിരാമൻ മാതൃഭാഷയിൽ നിന്ന് വാക്കുകൾ ശേഖരിക്കാൻ തുടങ്ങിയിട്ട് 12 വർഷമായി.
...എന്നാൽ ഒരു നിഘണ്ടുവായി പ്രസിദ്ധീകരിക്കാനുള്ള സാമ്പത്തികം ഇല്ലായിരുന്നു. അസിസ്റ്റന്റ് ടീച്ചറായി ജോലി ചെയ്തിരുന്നെങ്കിലും സാമ്പത്തിക സഹായം ആവശ്യമായി വന്നു. ഒടുവിൽ–
കോർവ നിഘണ്ടുവിന് ധനസഹായം നൽകാൻ ഞങ്ങളുടെ അസോസിയേഷൻ തീരുമാനിച്ചു.
വളരെ നന്ദി, സർ.
ജാർഖണ്ഡിലെ പലമുവിലെ മൾട്ടി ആർട്ട് അസോസിയേഷനാണ് ഒടുവിൽ അദ്ദേഹത്തിന്റെ സഹായത്തിനെത്തിയത്.
50 പേജുള്ള ഈ നിഘണ്ടു എന്റെ ഗോത്രത്തിൽ നിന്നുള്ള നിരവധി ആളുകളുമായി സംസാരിച്ചതിന്റെ ഫലമാണ്. അതിൽ മൃഗങ്ങൾ, പക്ഷികൾ, നിറങ്ങൾ, വസ്ത്രങ്ങൾ, വീട്ടുപകരണങ്ങൾ തുടങ്ങി നമ്മുടെ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന എല്ലാറ്റിന്റെയും പേരുകൾ ഉണ്ട്.
कोरवा
ഒരു സമൂഹത്തെ തിരിച്ചറിയുന്നത് അതിന്റെ ഭാഷയിലൂടെയും സംസ്കാരത്തിലൂടെയുമാണ്. അത് മറക്കുന്നതിലൂടെ നമ്മൾ നമ്മുടെ സ്വത്വം തന്നെ മറക്കുന്നു.
कोरवा

# ജിഗർ താക്കർ



എന്തുപറ്റി ചരൺ?
പ്രാദേശിക ബാസ്ക്കറ്റ്ബോൾ ടീമിനായി കളിക്കാൻ ഞാൻ ആഗ്രഹിച്ചു, സർ. പക്ഷേ എനിക്ക് ഉയരമില്ലെന്ന് പറഞ്ഞ് അവർ എന്നെ ഒഴിവാക്കി.
പ്രതീക്ഷ നഷ്ടപ്പെടരുത്, ചരൺ. അവർ തെറ്റാണെന്ന് തെളിയിക്കുക. ജിഗർ താക്കർ എന്ന ചെറുപ്പക്കാരനെ കുറിച്ച് ഞാൻ നിന്നോടു പറയട്ടെ, അദ്ദേഹം നിരവധി പ്രതിബന്ധങ്ങളെ മറികടന്ന് പുരസ്കാരം നേടിയ നീന്തൽക്കാരനായി മാറി.
1998 ജൂണിൽ ഗുജറാത്തിലെ രാജ്കോട്ടിലാണ് ജിഗർ താക്കർ ജനിച്ചത്. മാസങ്ങൾക്കുള്ളിൽ, അവന്റെ മാതാപിതാക്കളുടെ സന്തോഷം ആധിയായി മാറി.
അവന്റെ കാലുകൾക്ക് ശക്തിയില്ല. അവ താഴേക്ക് കുഴഞ്ഞു പോകുന്നു.
ഒൻപത് മാസം പ്രായമായപ്പോൾ –
ജിഗറിന് സെറിബ്രൽ പാൾസി എന്ന അസുഖമുണ്ടെന്ന് നിങ്ങളോട് പറയാൻ എനിക്കു വിഷമമുണ്ട്.
എന്നുവെച്ചാൽ എന്താണ്?
അവന്റെ തലച്ചോറിന് അവന്റെ ശരീരത്തെ ശരിയായി നിയന്ത്രിക്കാൻ കഴിയില്ല. നടക്കാനും സഞ്ചരിക്കാനും അയാൾക്ക് ഒരു പ്രശ്നമായിരിക്കും. അവന്റെ ബാലൻസിനെപോലും ബാധിക്കും.
അപ്പോൾ ഈ രോഗം ഒരിക്കലും മാറില്ലേ?
അവന് കുഴപ്പമൊന്നും വരില്ല. എനിക്കു വിശ്വാസമുണ്ട്.
പ്രത്യാശ കൈവിടുന്നതിനു പകരം ജിഗാറിന്റെ മാതാപിതാക്കൾ അവനെ ഒരു ഫിസിയോതെറാപ്പിസ്റ്റിന്റെ അടുത്തേക്ക് കൊണ്ടുപോയി, വ്യായാമം ചെയ്യിച്ചു.


ജിഗറിന് എട്ട് വയസ്സുള്ളപ്പോൾ–
അവൻ വളരെ പ്രചോദിതനാണ്, അവൻ ഇഷ്ടപ്പെടുന്ന ചില കായിക വിനോദങ്ങൾ കണ്ടെത്താൻ കഴിഞ്ഞാൽ നന്നായി. അത് അവന്റെ പേശികളെ ശക്തിപ്പെടുത്തും.
ചില കായിക ഇനങ്ങൾ പരീക്ഷിച്ചെങ്കിലും ഗുണപ്പെട്ടില്ല.
തുടർന്ന്, ഫിസിയോതെറാപ്പിസ്റ്റ് നീന്താൻ നിർദ്ദേശിച്ചു.
ഇല്ല. ഞങ്ങൾക്ക് അവനെ കുളത്തിൽ സംരക്ഷിക്കാൻ കഴിയില്ല. അവൻ മുങ്ങും!
ഞാൻ ആദ്യം നീന്താൻ പഠിക്കാം, അപ്പോൾ എനിക്ക് അവന്റെ കൂടെ വെള്ളത്തിൽ ഇറങ്ങാൻ കഴിയും.
ജിഗറിന്റെ അമ്മ നീന്താൻ പഠിച്ചു, താമസിയാതെ ജിഗറും വെള്ളത്തിലിറങ്ങി!
ഹീ ഹേ!
അവന് ഇഷ്ടപ്പെട്ടു!
സ്-പ്ലാ-ഷ്
സ്-പ്ലാ-ഷ്
തൊട്ടടുത്ത വർഷം തന്നെ ജില്ലാതല നീന്തൽ മത്സരത്തിൽ ജിഗർ തന്റെ സ്കൂളിനെ പ്രതിനിധീകരിച്ചു.
ആ ഇരിക്കുന്ന ആൺകുട്ടിക്ക് അവന്റെ ശരീരത്തിന്റെ എൺപതു ശതമാനത്തിനുമേൽ നിയന്ത്രണമില്ല എന്ന് നിങ്ങൾ വിശ്വസിക്കുമോ? ആരോഗ്യമുള്ള കുട്ടികളോടാണ് അവൻ മത്സരിക്കുന്നത്.
14 വയസ്സായപ്പോഴേക്കും ജിഗർ വളരെ പ്രചോദിതനും ഇച്ഛാശക്തിയുള്ളവനുമായിരുന്നു.
ഞാൻ ഇന്റർനെറ്റിൽ അന്വേഷിച്ചു, എനിക്ക് ദേശീയ പാരാ–സ്വിമ്മിങ് കോമ്പിറ്റേഷനിൽ പങ്കെടുക്കണം. ജിമ്മിൽ പോയാൽ അതെന്നെ ഫിറ്റ് ആകാൻ സഹായിക്കും.
താമസിയാതെ, ജിഗറിന് ഒരു ചിട്ടയുണ്ടായി. രാവിലെ നീന്തും, പിന്നീട് സ്കൂളിൽ പോകുകയും അതിനു ശേഷം ജിമ്മിൽ പരിശീലനം നടത്തുകയും ചെയ്യും, പിന്നീട് വീണ്ടും നീന്തൽ പരിശീലനത്തിന് പോകും.







അന്താരാഷ്ട്ര മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിക്കുക എന്ന തന്റെ സ്വപ്നം അദ്ദേഹം കാണാൻ തുടങ്ങി. കഠിനമായി പരിശീലിക്കാൻ തുടങ്ങിയ അദ്ദേഹം 2017 – ൽ ഐഡിഎം* ബെർലിൻ വേൾഡ് സീരീസിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ തിരഞ്ഞെടുക്കപ്പെട്ടു.







*ജർമ്മനി ആതിഥേയത്വം വഹിക്കുന്ന ഇന്റർനാഷണൽ ഡ്യൂഷെ മൈസ്റ്റർഷാഫ്റ്റൻ, ഒരു പാരാ – സ്വിമ്മിങ് ലോക ചാമ്പ്യൻഷിപ്പ്.

# ക്രിഷ്ണീൽ അനിൽ



ലോക്ക്ഡൗൺ കാലത്ത് പുതിയ കഴിവുകൾ പഠിക്കാനും മികവ് പുലർത്താനും റൂബിക്സ് ക്യൂബിൽ തന്റെ സമയം വിനിയോഗിച്ച ഒരു കുട്ടിയെക്കുറിച്ചാണ് ഇന്നത്തെ മൻ കി ബാത്ത് കഥ. വാസ്തവത്തിൽ, അവൻ അതുകൊണ്ട് ഛായാചിത്രങ്ങൾ നിർമ്മിക്കുമായിരുന്നു.
കോവിഡ്–19 ലോക്ക്ഡൗൺ കർശനമായപ്പോൾ, ആ ആറു വയസ്സുള്ള ആൺകുട്ടി അസ്വസ്ഥനായി.
കടലാസുകൊണ്ടുള്ള കരകൗശലവസ്തുക്കൾ എനിക്ക് വളരെ വിരസമാകുന്നു! ഞാൻ മറ്റെന്തെങ്കിലും ചെയ്യാൻ ആഗ്രഹിക്കുന്നു.
കേരളത്തിൽ തൃശ്ശൂർ സ്വദേശി കൃഷ്ണീൽ അനിൽ ആയിരുന്നു ആ കുട്ടി.
ഡിജിറ്റൽ യുഗത്തിന്റെ കുട്ടിയായിരുന്ന കൃഷ്ണീൽ വിവരങ്ങൾക്കായി ഒരിക്കൽ ഇന്റർനെറ്റിൽ പരതിയപ്പോൾ–
റു–ബി–ക്സ് ക്യൂ–ബ്. ഇതെന്താണ്. കാണാൻ നല്ല രസമുണ്ട്.
യൂട്യൂബ് ട്യൂട്ടോറിയലുകൾ കണ്ട്, കൃഷ്ണീൽ ഈ വർണ്ണാഭമായ ക്യൂബിന്റെ നിഗൂഢത മനസ്സിലാക്കാനായി ഇറങ്ങിത്തിരിച്ചു.
അമ്മാ, അച്ഛാ, നോക്കൂ! ഞാനിത് സോൾവ് ചെയ്തു.
ഇത്ര പെട്ടന്നോ!
നമ്മുടെ സ്വത്താണ്.
സമയവും പരിശീലനവും കൊണ്ട്, മുപ്പത് സെക്കൻഡിനുള്ളിൽ അവന് ഒരു ക്യൂബ് സോൾവ് ചെയ്യാൻ കഴിയുമായിരുന്നു. പിന്നെ അവൻ വലിയ സ്വപ്നം കാണാൻ തുടങ്ങി.
റൂബിക്സ് ക്യൂബ്സ് ഉപയോഗിച്ച് മൊസൈക് ആർട്ട് നിർമ്മിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനായി, എനിക്ക് കൂടുതൽ ക്യൂബുകൾ ആവശ്യമുണ്ട്.
അതിനൊക്കെ വലിയ ചിലവാകും.
ഈ ഹോബി അവനെ സന്തോഷവാനാക്കും. അവനെ നമുക്കു പ്രോത്സാഹിപ്പിക്കാം.


തുടക്കം ലളിതമായിരുന്നു, രാജ്യങ്ങളുടെ കൊടികളിലൂടെ....
...ക്രിഷ്ണീൽ പിന്നെ മുഴുനീള മൊസേക് പോർട്രെയ്റ്റുകൾ നിർമ്മിച്ചു തുടങ്ങി.
അവൻ സുഹൃത്തുക്കളുടേയും ടീച്ചർമാരുടേയും അത്‌ലറ്റുകളുടേയും സിനിമാ താരങ്ങളുടേയും പോർട്രെയ്റ്റുകൾ നിർമ്മിച്ചു.
ഈ വ്യക്തികളിൽ ചിലർ അവന്റെ വർക്കുകൾ സോഷ്യൽ മീഡിയയിൽ വീണ്ടും പങ്കുവെച്ചു, അത് അവന് അംഗീകാരം നേടിക്കൊടുത്തു.
രാഹുൽ ഗാന്ധിയുടെയും പ്രധാനമന്ത്രി മോദിയുടെയും മൊസൈക്ക് ഛായാചിത്രങ്ങളും കൃഷ്ണീൽ നിർമ്മിച്ചിട്ടുണ്ട്. രാഹുൽ ഗാന്ധി അവനെ സന്ദർശിച്ചിരുന്നു, പ്രധാനമന്ത്രി മോദി അവനെ മൻ കി ബാത്തിൽ പരാമർശിച്ചു.
3X3 റൂബിക്സ് ക്യൂബിൽ പ്രാവീണ്യം നേടിയ ശേഷം, എല്ലാ ആകൃതിയിലും വലുപ്പത്തിലുമുള്ള ക്യൂബുകൾ സോൾവ് ചെയ്യാൻ അവൻ പഠിച്ചു.
അവന്റെ 'കൃഷ്ണീൽ അനിൽ' എന്ന യൂട്യൂബ് ചാനലിൽ ഏകദേശം 200 വീഡിയോകൾ ഉണ്ട്. അതിൽ അവന്റെ മൊസൈക് പോർട്രെയ്റ്റുകളുടെ ടൈം-ലാപ്സ് ഫൂട്ടേജ്, വ്യത്യസ്ത ക്യൂബുകളുടെ വീഡിയോ അവലോകനങ്ങൾ, റൂബിക്സ് ക്യൂബ് പരിഹരിക്കാൻ മറ്റുള്ളവരെ സഹായിക്കുന്ന ട്യൂട്ടോറിയലുകൾ എന്നിവ ഉൾപ്പെടുന്നു.
L L
U U
D D
F F
B B
b b B B
ആദ്യം, നിങ്ങൾ ഒരു വശത്ത് ക്രോസ്സ് ചെയ്തെടുക്കണം.
ഇപ്പോൾ ഒൻപത് വയസ്സുള്ള കൃഷ്ണീൽ ക്യൂബിംഗ് മത്സരങ്ങളിൽ പങ്കെടുക്കുകയും ഒരു ദിവസം ഒരു മികച്ച കളിക്കാരനെന്ന നിലയിലേക്ക് അംഗീകരിക്കപ്പെടുക എന്നതിനായി ലക്ഷ്യം വയ്ക്കുന്നു.

# മധുരൈ ചിന്ന പിള്ളൈ




*സാർ













*തമിഴ്നാട്ടിലെ ഒരു ഗ്രാമം
^തമിഴിൽ 'ധാന്യം' എന്നും 'സമൃദ്ധി' എന്നും അർത്ഥം


ചിന്ന സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുകയും ഗ്രാമംതോറും പരിപാടിയെക്കുറിച്ച് പ്രചരിപ്പിക്കുകയും ചെയ്തു.
കുറച്ച് വർഷങ്ങളായി ഞങ്ങൾ ഇതു ചെയ്യുന്നു. ഞങ്ങൾ ഇനി മറ്റുള്ളവരെ ആശ്ര യിക്കില്ല.
ഞങ്ങൾക്കും ഒരെണ്ണം തുട ങ്ങണം!
അതെ.
അവിശ്വസനീയമായ പ്രവർത്തന മികവു കൊണ്ട്, ചിന്ന കലഞ്ജിയത്തിന്റെ എക്സി ക്യൂട്ടീവ് കമ്മിറ്റിയിൽ അംഗമായി.
നിങ്ങളുടെ പ്രവർ ത്തനംകൊണ്ട്, സംസ്ഥാന ത്തുടനീളം നിരവധി സ്ത്രീ കൾ പ്രസ്ഥാനത്തിൽ ചേരുകയും അവരുടെ ഗ്രൂപ്പുകൾ സൃഷ്ടിക്കു കയും ചെയ്തു.
പതിറ്റാണ്ടുകൾകൊണ്ട്, ഈ പ്രസ്ഥാനം തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, പുതുച്ചേരി എന്നിവിട ങ്ങളിലെ നൂറുകണക്കിന് ഗ്രാമങ്ങളിൽ വ്യാപിച്ചു.
മൈക്രോഫിനാൻസ്, കമ്മ്യൂണിറ്റി ബാങ്കിങ് മേഖ ലകളിലെ അവരുടെ പ്രവർത്തനത്തിന്, 1999 – ൽ ആദ്യമായി സ്ത്രീ ശക്തി പുരസ്കാരം ലഭിച്ചവരിൽ ഒരാളായി ചിന്നപിള്ള മാറി.
അവളുടെ കഥയറിഞ്ഞ് പ്രചോദിതനായ അന്നത്തെ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി അവരുടെ പാദങ്ങളിൽ തൊട്ടു നമസ്കരിച്ചു.
2019 ൽ പത്മശ്രീ പുരസ്കാരവും അവർക്കു ലഭിച്ചു.
തമിഴ്നാട്ടിലെ ഒരു ചെറിയ ഗ്രാമത്തിൽ നിന്നുള്ള നിരക്ഷരയായ കർഷകത്തൊഴിലാളിയായ ചിന്ന പിള്ളയുടെ വിജയം അവർ കടന്നുപോയ ജീവിത സാഹചര്യംകൊണ്ട് നിർവചിക്കാൻ അനുവദിക്കുന്നില്ല, അവർ എല്ലാവർക്കും പ്രചോദനമായി.

# മീര ഷെനോയ്


ശ്രേയസ്, നിങ്ങൾ എന്താണ് ഇത്ര ശ്രദ്ധയോടെ വായിക്കുന്നത്?
ഇത് ഏറ്റവും ആവേശകരമായ കഥയാണ്, സോണൽ! ഓടുന്ന ട്രെയിനിൽ നിന്ന് പുറത്തേക്ക് തെറിച്ച് കാൽ നഷ്ടപ്പെട്ട അരുണിമ സിൻഹയെ കുറിച്ചാണ്...
... എന്നിട്ടും അവൾ എവറസ്റ്റ് കീഴടക്കി!
വികലാംഗരായ പലരും ജീവിതത്തിൽ മികവ് പുലർത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാരെ സ്വന്തം കഴിവുകൾ കണ്ടെത്താൻ സഹായിക്കുന്ന വ്യക്തിയാണ് മീര ഷേണായി.
മീര ഷേണായി വളർന്നപ്പോൾ രണ്ടുപേർ അവളെ പ്രചോദിപ്പിച്ചു. അവളുടെ മുത്തച്ഛൻ...
മീര ഓർക്കുക, നിന്റെ സമ്പാദ്യത്തിന്റെ പത്ത് ശതമാനം ദുരിതമനുഭവിക്കുന്ന ആളുകൾക്ക് നൽകണം.
...ഉദാരമനസ്കനായ ഒരു ലളിതമായ വ്യക്തിത്വമായിരുന്നു.
...കൂടാതെ സ്റ്റോക്ക് മാർക്കറ്റിൽ വ്യവഹാരം പഠിച്ച അവളുടെ അമ്മ, അവർക്കു കിട്ടിയ ചെറിയ സ്വത്തിനെ അവളുടെ പെൺമക്കൾക്കുവേണ്ടി ഗണ്യമായ സമ്പത്താക്കി മാറ്റി.
വിവാഹശേഷം എനിക്ക് മെഡിസിന് പഠിക്കാനുള്ള അവസരം നഷ്ടമായി. എന്നാൽ നിങ്ങൾ പെൺകുട്ടികൾ ചെയ്യാൻ ആഗ്രഹിക്കുന്നതെല്ലാം ചെയ്യണം.


മീര വളർന്നപ്പോൾ, പാവപ്പെട്ട ഗ്രാമീണ യുവാക്കളെ ഇന്ത്യയിലെ ആത്മവിശ്വാസമുള്ള പൗരന്മാരാക്കി മാറ്റുന്നതിലാണ് തന്റെ താൽപ്പര്യമെന്ന് അവർ തിരിച്ചറിഞ്ഞു.
ഒരു കർഷകനായിരിക്കുന്നതിൽ എന്താണ് തെറ്റ്? ഞാൻ കർഷകനാണ്, നിങ്ങളുടെ മുത്തച്ഛനും ആയിരുന്നു...
ശരിയാണ്! അതു കാരണം നമ്മൾ എന്നും ദരിദ്രരായിരുന്നു.
അവരൊക്കെ ഗ്രാമങ്ങളിൽ ദാരിദ്ര്യവും പട്ടിണിയുമാണെന്ന് പറയുന്നു, അതേസമയം സിനിമകളിലൊക്കെ നഗരങ്ങളിലെ യുവാക്കളെ മോട്ടോർ ബൈക്കുകളിലും മിന്നുന്ന വസ്ത്രങ്ങളിലുമായി കാണിക്കുന്നു. അവരെ നയിക്കേണ്ടതുണ്ട് അല്ലെങ്കിൽ അവർ തെറ്റായ വഴികൾ തിരഞ്ഞെടുത്തേക്കാം.
2005ൽ ആന്ധ്രാപ്രദേശ് സർക്കാരിനായി മീര ഇന്ത്യയിലെ ആദ്യത്തെ നൈപുണ്യ മിഷൻ സ്ഥാപിച്ചു. എംപ്ലോയ്മെന്റ് ജനറേഷൻ ആൻഡ് മാർക്കറ്റിംഗ് മിഷൻ (ഇജിഎംഎം) എന്നാണ് ഇതിന്റെ പേര്.
മീര ബുദ്ധിമുട്ടുകൾ നേരിട്ടെങ്കിലും അവൾ കഠിനാധ്വാനം ചെയ്തു, ഇജിഎംഎം മികച്ച വിജയമായിരുന്നു. ഒരു ദിവസം–
ലോകത്തെ വികലാംഗരായ യുവാക്കളിൽ 80 ശതമാനവും ഇന്ത്യ പോലുള്ള വികസ്വര രാജ്യങ്ങളിലാണെന്ന് ഈ റിപ്പോർട്ട് പറയുന്നു.
വികലാംഗരായ യുവാക്കൾക്ക് ജോലി ലഭിക്കാൻ സഹായിക്കുന്ന ഒരു നല്ല പരിപാടിയാണ് നമുക്ക് വേണ്ടത്. നിനക്ക് എന്ത് തോന്നുന്നു, സുബോധ്?
അത് മഹത്തായ ഒരു ആശയമാണ്.
മീരയുടെ ഭർത്താവ് ഡോ. സുബോധ് ഷേണായി അറിയപ്പെടുന്ന ഭൗതികശാസ്ത്രജ്ഞനായിരുന്നു.
വൈകല്യമുണ്ടായിട്ടും ജീവിത വിജയം കൈവരിച്ചവരെ ആദ്യം കാണണം.
വൈകല്യമുള്ള ഒരാളെ മികച്ച പ്രകടനം നടത്താൻ പ്രേരിപ്പിച്ച കാര്യങ്ങളെക്കുറിച്ച് മീര ഒരുപാട് കാര്യങ്ങൾ പഠിച്ചു. ഇത് പിന്നീട് പ്രചോദനാത്മകമായ ഒരു പുസ്തകമായി മാറി – 'നിങ്ങൾക്ക് വിജയിക്കാൻ സാധിക്കും' (യു കാൻ വിൻ).




*ബധിരൻ
**ആർട്ടിഫീഷ്യൽ ഇന്റലിജൻസ് (നിർമ്മിത ബുദ്ധി)

# റിംഗ്ഫാമി യംങ്




*കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് (സിഎസ്ഐആർ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിമാലയൻ ബയോറിസോഴ്സ് ടെക്നോളജി (ഐഎച്ച്ബിടി) എന്നിവയുടെ സംയുക്ത പരിപാടി.


അതെ, പക്ഷെ ആപ്പി ളിന് വിവിധ ഇനങ്ങളുണ്ട്.
'ലോ ചിൽ' എന്നൊരു ഇനമുണ്ട്, അതിന് സാധാരണ തണുത്ത കാലാവസ്ഥ ആവശ്യ മില്ല. നിങ്ങളോട് പറയാൻ പോകു ന്നത് അതിനെക്കുറിച്ചാണ്.
Training Programme
entific and Industrial Research
and OF Himalayan
resou nology (IHBT)
MENT INDIA.
എന്നാലും അത് വളരുമെന്ന് ഒരു ഉറപ്പുമില്ല. ആരാണ് റിസ്ക് എടുക്കാൻ തയ്യാ റാവുക?
പലർക്കും അത് ബോധ്യപ്പെട്ടില്ല, പക്ഷേ അത്തരം ആപ്പിളിനെക്കുറിച്ച് റിംഗ്ഫാമി തനിക്ക് കഴിയാവുന്ന വിവരങ്ങൾ ശേഖരിച്ചു.
അടുത്ത വർഷം തുടക്കത്തിൽ മഹാമാരി പടർന്നു പിടിച്ചു.
ഇപ്പോൾ നമ്മൾ വീട്ടിൽത്ത ന്നെയാണ്, നമുക്ക് ലോ ചിൽ ആപ്പിൾ കൃഷി ചെയ്തു നോക്കാം.
അതെ ഇത് പരീക്ഷണ ത്തിന് പറ്റിയ സമ യമാണ്.
സർക്കാരിന്റെ പിന്തുണയോടെ റിങ്ഫാമിയും മറ്റുചിലരും അന്ന, ഡോർസെറ്റ് ഗോൾഡൻ, മറ്റ് കുറഞ്ഞ ചിൽ ഇനങ്ങൾ എന്നിവ നട്ടുപിടിപ്പിച്ചു.
ഈ തൈകൾക്ക് ധാരാളം പോഷണം ആവശ്യമാണ്.
നന്നായി, നമുക്ക് എല്ലാ സമയത്തും അതു ശ്രദ്ധിക്കാം.
തൈകൾക്കു വേണ്ടതെല്ലാം അവർ ചെയ്തതോടെ അവ വളരാൻ തുടങ്ങി...
ഞാൻ 90 തൈ കൾ നട്ടു, അതിൽ 85 എണ്ണം അതിജീ വിച്ചു.


...കായ്ച്ചു തുടങ്ങി. 2021 ൽ–
ആപ്പിൾ! ഒരുപാടുണ്ട്!
ആദ്യത്തെ പ്രാവശ്യംതന്നെ 200 കിലൊ ആപ്പിൾ!
ആപ്പിൾ ഒരിക്കലും വളരില്ല എന്നു കരുതിയ സ്ഥലത്ത്!
ഇത് ആശ്ചര്യ മാണ്!
ഇത് ആഘോഷിക്കാൻ തന്റെ ഉത്പന്നങ്ങൾ പരമാവധി എല്ലാ സുഹൃത്തുക്കൾക്കും വിതരണം ചെയ്തു.
റിംഗ്ഫാമിയെക്കുറിച്ച് മൻകി മാത്തിൽ പരാമർശിക്കപ്പെട്ടു. കൂടാതെ മുഖ്യമന്ത്രി എൻ. ബൈറൻ സിങ് പ്രകീർത്തിച്ചു.
ആരോഗ്യകരമായ ഈ വിള കാണുമ്പോൾ എനിക്ക് വളരെ സന്തോഷം തോന്നുന്നു. നിങ്ങൾ ഒരു റിസ്ക് എടുത്തു, നിങ്ങളുടെ കഠിനാ ധ്വാനം നമ്മുടെ ഹോർട്ടികൾച്ചർ മേഖലയെക്കു റിച്ച് എനിക്കു വലിയ പ്രതീക്ഷ നൽകുന്നു.
അദ്ദേഹത്തിന് സാമ്പത്തിക ഉപഹാരവും ലഭിച്ചു.
ഈ പൈസ ഉപയോ ഗിച്ച് ആപ്പിൾകൃഷി വിപുലപ്പെടുത്തും.
ഉഖ്റുളിൽ നമുക്ക് കോൾഡ് സ്റ്റോറേജും ഭക്ഷ്യ സംസ്കരണ സൗകര്യങ്ങളും ആവശ്യമാണ്. അത് നമ്മളേയും മറ്റ് കർഷകരേയും സഹായിക്കും. നമ്മുടെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ ഷെൽഫ് ലൈഫ് ലഭിക്കുകയും വിപണിയിൽ എത്താൻ സഹായി ക്കുകയും ചെയ്യും.
റിംഗ്ഫാമി ഇപ്പോൾ മറ്റ് കർഷകരെ ആപ്പിൾ കൃഷി പരിശീലിപ്പിക്കാൻ പോകുകയാണ്, അതിലൂടെ സാമ്പത്തിക നേട്ടം ലഭിച്ചു, മണിപ്പൂ രിനും അങ്ങനെ സ്വന്തമായി വീട്ടിൽ വളർത്തുന്ന ആപ്പിളിനെക്കുറിച്ച് അഭിമാനിക്കാം.

# ശ്രീധർ വെമ്പു




^യു.എസ്.എ.യിലെ ന്യൂജേഴ്സിയിലുള്ള ഒരു പ്രശസ്ത സർവകലാശാല.


ശ്രീധർ ഒരു സംരംഭകത്വ മനോഭാവവും വളർത്തിയിരുന്നു. 1996 ൽ–
എത്രകാലം മറ്റു ള്ളവർക്കായി ജോലി ചെയ്യും. എന്തുകൊണ്ട് സ്വന്തമായ ഒരു കമ്പനി തുടങ്ങി ക്കൂടാ?
ഞങ്ങൾ സഹോദര ങ്ങളാണ് – ബിസിനസ് പങ്കാളികളാകാം.
ഒരുമിച്ച് അഡ്വെന്റ് എന്ന പേരിൽ ഒരു സോഫ്റ്റ് വെയർ ഡെവലപ്മെന്റ് ഹൗസ് ആരംഭിച്ചു.
ശ്രീധറിനും കുടുംബത്തിനും ജീവിതമെന്നാൽ ഉയർച്ചയിലേയ്ക്കുള്ള പ്രയാണമായിരുന്നു.
നാലു വർഷത്തിനുള്ളിൽ നമ്മുടെ കമ്പനിയുടെ വരുമാനം പത്ത് ദശലക്ഷം ഡോളർ കവിഞ്ഞു!
നമ്മൾ അവിടേയും നിൽക്കില്ല!
2009ൽ കമ്പനിയെ സോഹോ കോർപ്പറേഷൻ എന്ന് പുനർനാമകരണം ചെയ്തു. അടുത്ത ദശകത്തിനുള്ളിൽ, യു.എസ്.എയിലും ലോകമെമ്പാടുമുള്ള ഒരു പ്രശസ്ത ടെക് കമ്പനിയായി ഇത് മാറി.
എന്നിരുന്നാലും, ബിസിനസ്സിലെ ലാഭത്തേ ക്കാളും പ്രധാനപ്പെട്ട കാര്യങ്ങളായിരുന്നു വെമ്പുവിന്റെ മനസ്സിൽ.
എനിക്ക് എന്റെ സ്വന്തം രാജ്യത്തെ സഹായിക്കാൻ കഴിയുന്നില്ലെ ങ്കിൽ ഈ വിജയത്തിന്റെ അർത്ഥമെന്താണ്? എനിക്ക് തിരിച്ചു പോകണം. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സോഫ്റ്റ്‌വെയർ മേഖലയിൽ ഇന്ത്യയെ സ്വയംപര്യാപ്തമാക്കുന്നതിനും ഞാൻ എന്റെ വിഭവങ്ങൾ ഉപയോഗിക്കണം.
വൈകാതെ–
നമ്മൾ ഇന്ത്യയി ലേക്ക് മടങ്ങണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. തമിഴ്നാട്ടി ലെ മാതളംപാറൈ ഗ്രാമ ത്തിൽ ഞങ്ങളുടെ ഓഫീ സുകൾ തുറക്കാൻ ഞാൻ ആഗ്രഹിക്കുന്നു.
നാട്ടിലേയ്ക്കു പോകാമെ ന്നുള്ള ആശയം എനിക്കിഷ്ട പ്പെട്ടു.
പക്ഷെ ഗ്രാമത്തിൽ നിന്ന് നമ്മുടെ ഓപറേ ഷൻസ് എങ്ങനെ നടത്തും?
വലിയ നഗരങ്ങൾ തിങ്ങി നിറഞ്ഞതും മലിനീകരിക്കപ്പെ ട്ടതുമാണ്, ഗ്രാമപ്രദേശങ്ങളിൽ ധാരാളം പ്രതിഭകളുണ്ട്. ഇന്ത്യ യുടെ എല്ലാ ഭാഗങ്ങളിലും അവ സരങ്ങൾ എത്തിക്കണം.




*30,000 കോടിയിലധികം

# വേദാംഗി കുൽക്കർണി



നിങ്ങളിലെത്രപേർ സ്കൂളിൽ വരാൻ സൈക്കിൾ ഉപയോഗിക്കുന്നുണ്ട്?
ഞാൻ ഉപയോഗിക്കുന്നു.
ഞാനും.
ഞാനുമുണ്ട്.
ഇന്ന്, ഞാൻ നിങ്ങളോട് പറയാൻ പോകുന്നത് ലോകം ചുറ്റുന്ന ഏറ്റവും പ്രായം കുറഞ്ഞ സ്ത്രീയായി മാറിയ വേദാംഗി കുൽക്കർണി എന്ന യുവതിയെക്കുറിച്ചാണ്.
സാഹസികതകൾ പരിചയപ്പെട്ടുകൊണ്ടാണ് വേദാംഗി കുൽക്കർണി വളർന്നത്. വളരുന്തോറും വീട്ടിലിരിക്കുന്നതിനേക്കാൾ പുറത്തുപോകാൻ ഇഷ്ടപ്പെട്ടു.
വൗവ്, ഇതൊരു ഉയർന്ന സ്ഥലമാണ്.
ഈ കാഴ്ച വളരെ മനോഹരമാണ്.
17 ാം വയസ്സിൽ വേദാംഗി തന്റെ രക്ഷിതാക്കളുടെ പിന്തുണയോടെ ഹിമാലയമാകെ സൈക്കിളിൽ സഞ്ചരിക്കാൻ തീരുമാനിച്ചു.
ഈ ലഘുലേഖ പ്രകാരം അവൾക്ക് പറ്റിയ ടൂർ ഇതിലില്ല.
നമുക്ക് കാറിൽ പിന്തുടരാം. അത് സുരക്ഷിതമാണ്, അതോടൊപ്പം അവൾ സ്വതന്ത്രയുമായിരിക്കും.
രണ്ടരയാഴ്ചയെടുത്ത് 767 കിലോമീറ്റർ പിന്നിട്ട് വേദാംഗി മണാലിയിൽ നിന്ന് ശ്രീനഗറിലെത്തി.
മ്ഹ്, ഇനിയടുത്തത് എവിടെയാണ് പോകേണ്ടത്?


സ്കൂൾ പഠനത്തിനു ശേഷം അവൾ ഇംഗ്ലണ്ടിലേയ്ക്ക് സ്പോർട്സ് മാനേജ്മെന്റ് പഠിക്കാനായി പോയി. അവിടെ ആളുകളും സ്ഥലവും സംസ്കാരവും മാറ്റവും യോജിക്കാൻ ബുദ്ധിമുട്ടുള്ളതുമായി അനുഭവപ്പെട്ടു.
എനിക്കു സുഹൃത്തുക്കളെ കിട്ടുമോ? ഇവിടെ ഞാൻ യോജിക്കുമൊ?
അവളുടെ മനസ്സിൽ ഒരു കാര്യം മാത്രം നിലനിന്നു അത് വിശാലമായ പുറംലോകമായിരുന്നു.
വിശാലമായ ആകാശത്തിനു കീഴിലൂടെ വേദാംഗി സൈക്കിളോടിച്ചു, അവളുടെ ദുഖങ്ങൾ അടർന്നു, അവൾക്ക് സ്വാതന്ത്ര്യം അനുഭവപ്പെട്ടു.
എനിക്ക് സൈക്കിളിൽ ലോകം ചുറ്റണം, സൈക്കിളിൽ അതിവേഗം ലോകം ചുറ്റിയതിന്റെ റെക്കോർഡ് എനിക്കു മറികടക്കണം.
തന്റെ ജീവിതം മാറ്റിമറിക്കുക എന്നതായിരുന്നു വേദാംഗിയുടെ തീരുമാനം.
കോളേജ് ജോലികൾ കൈകാര്യം ചെയ്യുമ്പോൾ, അവൾ എന്നത്തേക്കാളും കഠിനമായി പരിശീലനം ആരംഭിച്ചു.
വിജയിക്കണമെങ്കിൽ എനിക്ക് മികച്ച ശാരീരികവും മാനസികവുമായ കരുത്തു വേണം.
റൂട്ടുകൾ മാപ്പ് ചെയ്തു, പേപ്പർ വർക്കുകൾ അടുക്കി, പര്യവേഷണത്തിനായി ഒരു പുതിയ സൈക്കിൾ നിർമ്മിച്ചു.
ഇവൻ തികഞ്ഞവനാണ്! ഞാൻ അവനെ കപ്പുച്ചിനോ എന്ന് വിളിക്കും.
2018 ജൂലൈ 17 – ന് വേദാംഗി യാത്ര പുറപ്പെട്ടു.
ഓസ്ട്രേലിയയിൽ നിന്ന് ആരംഭിച്ച്, 14 രാജ്യങ്ങളിലൂടെ അവൾ സൈക്കിൾ ചവിട്ടി.


കാനഡയിൽ ഒരു ഗ്രിസ്ലി കരടിയിൽ നിന്ന് കഷ്ടിച്ച് രക്ഷപ്പെട്ടതിൽ നിന്ന്...
...സ്പെയിനിൽ കത്തിമുനയിൽ കൊള്ളയടിക്കപ്പെട്ടു...
...റഷ്യയിലെ മഞ്ഞുവീഴ്ചയിൽ ക്യാമ്പ് ചെയ്തു...
...അത് അത്ര എളുപ്പമായിരുന്നില്ല.
പക്ഷേ, പല തരത്തിൽ അത് അർത്ഥവത്തായിരുന്നു. അവൾ പുതിയ സുഹൃത്തുക്കളെ ഉണ്ടാക്കി...
അവളുടെ കഴിവുകളിൽ ആത്മവിശ്വാസം വളർന്നു...
...യാത്ര മധ്യേ അവൾ അവളുടെ 20 ാം പിറന്നാൾ ആഘോഷിച്ചു.
2018 ഡിസംബർ 24 – ന് വേദാംഗി ഓസ്ട്രേലിയയിൽ ഫിനിഷിംഗ് ലൈനിൽ തിരിച്ചെത്തി.
29,000 കിലോമീറ്റർ ഞാൻ പൂർത്തിയാക്കി!
അവൾ ആഗ്രഹിച്ചതുപോലെ, ഈ നേട്ടം കൈവരിക്കുന്ന ഏറ്റവും വേഗമേറിയ സ്ത്രീയായില്ലെങ്കിലും, ഏറ്റവും പ്രായം കുറഞ്ഞ സ്ത്രീ എന്ന നേട്ടം സ്വന്തമാക്കി.
2023 ൽ ലേ – മണാലി ഹൈവേയിൽ ഏറ്റവും വേഗത്തിൽ സൈക്കിൾ ചവിട്ടിയ വനിതയായി വേദാംഗി മാറി. അവൾ ഇപ്പോൾ അവളുടെ അനുഭവങ്ങളെക്കുറിച്ച് സംസാരിക്കുന്നു.
സഹിഷ്ണുത എന്നത് ഒരു മാനസികാവസ്ഥയാണെന്ന് സൈക്ലിംങ് എന്നെ പഠിപ്പിച്ചു.
മറ്റുള്ളവരെ അവരുടെ സ്വന്തം സാഹസികതയിൽ സഹായിക്കുന്നതിനായി അവൾ 'ദി അഡ്വഞ്ചർ ഷെഡ്' എന്ന പേരിൽ ഒരു പര്യവേഷണ മാനേജ്മെന്റ് കമ്പനി ആരംഭിച്ചു.



# മൻ കി ബാത്ത്

## വാല്യം – 9

മനസ്സിൽ ലക്ഷ്യമുള്ളവർക്ക് അസാധ്യമായി ഒന്നുമില്ല. വൈകല്യങ്ങളോ, ദാരിദ്ര്യമോ, വിദ്യാഭ്യാസമൊ, വിഭവങ്ങളുടെ അഭാവമോ ആകട്ടെ, അവരുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പ്രതിബന്ധങ്ങളെ തരണം ചെയ്യാൻ തങ്ങളെത്തന്നെയും മറ്റുള്ളവരേയും സഹായിക്കുന്നു.

മൻ കി ബാത്തിന്റെ ഒമ്പതാം വാല്യം, അഭിമുഖീകരിച്ച് വെല്ലുവിളിക്കുമപ്പുറം ഔന്നിത്വവും നിശ്ചയദാർഢ്യവും പ്രദർശിപ്പിച്ച രാജ്യമെമ്പാടുമുള്ള ആളുകളെക്കുറിച്ചാണ്.

ഇരുപതാം വയസ്സിൽ ഏറ്റവും വേഗത്തിൽ സൈക്കിൾ ചവിട്ടി ലോകം ചുറ്റിയ സ്ത്രീയായി മാറിയ വേദാംഗി കുൽക്കർണി മുതൽ ആപ്പിൾ വിളയിക്കാൻ അസാധ്യമെന്നു കരുതിയിരുന്ന പ്രദേശത്ത് ആപ്പിൾ വിളയിച്ച റിംഗ്ഫാമിയും എയ്ഞ്ചൽ യങ്ങും, തന്നെപ്പോലെയുള്ള ഗ്രാമീണ സ്ത്രീകളെ സാമ്പത്തികമായി സ്വതന്ത്രരാക്കാൻ കമ്മ്യൂണിറ്റി ബാങ്കിംഗ് ഗ്രൂപ്പ് തുടങ്ങിയ മധുര ചിന്ന പിള്ളൈ വരെ ഈ വാല്യത്തിലുണ്ട്.  നിശ്ചയദാർഢ്യമുണ്ടെങ്കിൽ എന്തും സാധ്യമാണ് എന്നതിന്റെ തെളിവാണ് ഈ കഥകൾ.



₹99

www.amarchitrakatha.com
ISBN 978-93-6127-349-0
9 789361 273490